(ബി) എത്ര വികലാംഗർക്ക് തൊഴിൽ വികസിപ്പിക്കുന്നതിനുള്ള സഹായം, ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സഹായം എന്നിവ നൽകി എന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി 2001-02, 2002-03 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകൾ

121 [4898] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ എത്ര സർക്കാരേതര സംഘടനകൾ പ്രവർത്തിക്കുന്നുവെന്നറിയിക്കാമോ;

(ബി) ഇവയിൽ അന്തർദേശീയ വ്യാപ്തിയുള്ള സംഘടനകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) അന്യസംസ്ഥാനങ്ങളിൽ ശാഖകളുള്ള സംഘടനകൾ ഏതെല്ലാമാണ്;

(ഡി) തിരുവനന്തപുരം ജില്ലയിൽ വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന എത്ര സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്;

(ഇ) മേൽ വിഭാഗത്തിൽപ്പെട്ട എത്ര സംഘടനകൾ തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) തിരുവനന്തപുരം ജില്ലയിലെ സംഘടനകളും സ്ഥാപനങ്ങളും എത്ര വികലാംഗർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്

122 [4901] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നതെന്നും അതിന് നാളിതുവരെയായി എത്ര തുക സംസ്ഥാന സർക്കാർ സഹായധനമായി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്നും അതിന്റെ നാളിതുവരെയുള്ള പ്രമുഖനേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം എത്ര വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നാളിതുവരെയായി പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്ഥാപനത്തിന് ഇപ്പോൾ ഫുൾടൈം ചെയർമാൻ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആ സ്ഥാനം വഹിക്കുന്നതാരാണെന്നും ഫുൾടൈം ചെയർമാനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സ്ഥാപനം 1997 മാർച്ച് മാസം 19-ാം തീയതി രജിസ്റ്റർ ചെയ്ത് നിലവിൽ വന്നു. നാളിതുവരെയായി 475 ലക്ഷം രൂപ സംസ്ഥാന സർക്കാർ ഗ്രാന്റായി നൽകിയിട്ടുണ്ട്.

(ബി) ശ്രവണ ന്യൂനതയുള്ള ജനവിഭാഗത്തിന്റെ പുനരധിവാസവും വിദ്യാഭ്യാസവും ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള ഈ സ്ഥാപനത്തിൽ ഓഡിയോളജി വിഭാഗത്തിന്റെ കീഴിൽ ശ്രവണ ന്യൂനതയുള്ളവരുടെ പരിശോധന നടത്തി ന്യൂനതയുടെ അളവ് നിശ്ചയിക്കുകയും ആവശ്യമായ നിർദ്ദേശങ്ങളും സംസാര പരിശീലനവും ഹിയറിംഗ് എയ്ഡുകളും നൽകുന്നു. വിവിധ സ്ഥലങ്ങളിൽ ശ്രവണ പരിശോധന ക്യാമ്പ് നടത്തുന്നുണ്ട്. ശ്രവണ ന്യൂനതയുള്ളവരെ ഇ.എൻ.ടി. ഡോക്ടർ പരിശോധിച്ച് ചികിൽസാ നിർദ്ദേശങ്ങൾ നൽകുകയും, മൂന്നു വയസ്സിനു താഴെ പ്രായമുള്ള ശ്രവണ പരമിതിയുള്ള കുട്ടികൾക്ക് പ്രത്യേക പഠനവും പരിശീലനവും നൽകുന്നു. ശ്രവണ സഹായിയുടെ റിപ്പയറിംഗ് നടത്തുകയും അനുബന്ധ ഉപകരണങ്ങൾ നിർമ്മിച്ച് നൽകുകയും ചെയ്യുന്നു. എസ്.എസ്.എൽ.സി. പാസ്സായ ശ്രവണ ന്യൂനതയുള്ള കുട്ടികൾക്കായി സോഫ്റ്റ് വെയർ സിസ്റ്റംസിൽ ത്രിവത്സര ഡിപ്ലോമ കോഴ്സ് നടത്തുന്നു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ ചെറിയ പ്രായത്തിലുള്ള കുട്ടികളെ പഠിപ്പിക്കാനായി നിശ്ചിത യോഗ്യതയുള്ളവർക്ക് ഒരു വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തി സർട്ടിഫിക്കറ്റ് നൽകുന്നു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെയും കേരളാ യൂണിവേഴ്സിറ്റിയുടെയും അംഗീകാരത്തോടെ 2002-2003 മുതൽ ബാച്ചിലർ ഇൻ ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗ്വേജ് പത്തോളജി എന്ന ഡിഗ്രി കോഴ്സ് ഇവിടെ നടത്തുന്നു. എസ്.എ.റ്റി. ആശുപത്രിയിൽ ജനിച്ച 5865 നവജാത ശിശുക്കളെ പരിശോധിക്കുകയും അവരിൽ 12 കുട്ടികൾക്ക് ശ്രവണ ന്യൂനതയുള്ളതായി സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിഷ് ക്യാംപസിന് ആക്കുളത്ത് സർക്കാർ അനുവദിച്ച 10 ഏക്കർ സ്ഥലത്ത് ഈ വർഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നു.

(സി) 428 വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

(ഡി) സ്ഥാപനത്തിന്റെ ഭരണവും പ്രവർത്തനവും നിയന്ത്രിക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു ഗവേണിങ്ങ് കൗൺസിൽ ആണ്.

അംഗൻവാടികളിൽ ആഹാര സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം

123 [4903] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിലെ കുട്ടികൾക്ക് വിതരണം നടത്തുന്നതിന് ആഹാര സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമം എന്താണ്;

(ബി) സ്വകാര്യ കച്ചവടക്കാരെ ഒഴിവാക്കി സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന നീതി സ്റ്റോർ പോലുള്ള കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങണമെന്ന് നിർദ്ദേശം സർക്കാർ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly